# കേരള സ® ക്കാ®

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോ® ട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ : doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ : കെ.എസ്.എ.-കെ.ടി.എം.പി15-1142/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 25/08/2023
ഇ-മെയിൽ :
doktm.ksad@kerala.gov.in
ഫോൺ : 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

സർ ,

**വിഷയം : പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

കേരള പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ)
2) ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്-കോട്ടയം
3) കാര്യാലയ പകർപ്പ്

നമ്പർ : കെ.എസ്.എ.-കെ.ടി.എം.പി15-1142/2023

തീയതി: 25/08/2023

## കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻ മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും; സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേത് ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ :**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ സാബു സി. ജോർജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-06-2023 | 27-06-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2023 | 27-06-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :**

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി സജിമോൾ വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

**(ബി)നിർവ്വഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മറിയാമ്മ എബ്രഹാം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| എം. എസ്. വിജയൻ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ഡോസി സഖറിയാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 03-07-2022 |
| ജോർജ് തോമസ് | സെക്രട്ടറി | 04-07-2022 | 31-01-2023 |
| ഡോസി സഖറിയാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2023 | 31-03-2023 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| കവിത പി. ആർ. | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| അനിത എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മനോജ് കെ. എ. | സൂപ്രണ്ട്, താലൂക്ക് ആശുപത്രി-പാമ്പാടി | 01-04-2022 | 31-03-2023 |
| ലെൻസി തോമസ് | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 01-04-2022 | 31-03-2023 |
| കണ്ണൻ എസ്. | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ജിനു വി. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തികളിന്മേൽ വാർഷികമായി നൽകിയിട്ടുള്ള സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികമായി | 1-1-2 |
| 4 | ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകളിൽ അവ്യക്തത | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | വാടക കണക്കുകളിൽ അവ്യക്തത | 1-1-6 |
| 8 | വാടക നിക്ഷേപം കണക്കുകളിൽ അവ്യക്തത | 1-1-7 |
| 9 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | മുൻകൂർ വിവരം അക്കൗണ്ട് ചെയ്തതിൽ അപാകത | 1-1-10 |
| 12 | ഗ്രാന്റ് തുകയുടെ വരവ്-ചെലവ് അക്കൗണ്ട് ചെയ്തില്ല | 1-1-11 |
| 13 | മരുന്നു വാങ്ങൽ ചെലവുകൾ മെയിന്റനൻസായി അക്കൗണ്ട് ചെയ്തു | 1-1-12 |
| 14 | വാർഷിക പദ്ധതിയിൽ സൃഷ്ടിക്കുന്ന ആസ്തികൾ ആസ്തി ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല | 1-1-13 |
| 15 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-14 |
| 16 | Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല | 1-1-15 |
| 17 | ബജറ്റ്-വിശകലനം | 1-2 |

| | | |
|---|---|---|
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം-വിശകലനം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി | 1-6 |
| 22 | തൊഴിലുറപ്പ് വിഭാഗത്തിന് മുൻകൂർ-തുക ക്രമീകരിക്കുന്നില്ല | 1-7 |
| 23 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | മുൻകൂർ/അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത-കണക്കുകളിൽ അവ്യക്തത | 1-11 |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല- കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയിട്ടില്ല | 1-12 |
| 28 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ-- വരവ്/ വിനിമയ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലൂടെ നിരീക്ഷിക്കുന്നില്ല | 1-13 |
| 29 | വാടക – പൊതു അപാകതകൾ | 1-14 |
| 30 | കുടിശ്ശിക ഈടാക്കാതെ കുത്തകക്കരാർ അവസാനിപ്പിച്ചു - 1.22 ലക്ഷം രൂപ നിലവിലും കുടിശിക | 1-15 |
| 31 | കുടിശിക വാടക അടവാക്കാതെ തൻവർഷ വാടക ഒടുക്കുന്നു | 1-16 |
| 32 | ഇ-ടെണ്ടർ ഫീസ് ലഭ്യമാകുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 33 | കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ-അവധി അക്കൗണ്ട് സൂക്ഷിക്കുന്നില്ല | 1-18 |
| 34 | ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാതെയും ഒറിജിനൽ രസീത് ഹാജരാക്കാതെയും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലുള്ള ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യുന്നു | 1-19 |
| 35 | സംയുക്ത കൃഷി വികസന പദ്ധതി- അപാകതകൾ | 1-20 |

| | | |
|---|---|---|
| 36 | നിക്ഷേപപ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-21 |
| 37 | ബ്ലോക്ക് വിഹിതം കൈമാറൽ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 38 | പാമ്പാടി ബ്ലോക്ക് RRFലേയ്ക്ക് ഡസ്റ്റ് റിമൂവർ വാങ്ങിയത് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-23 |
| 39 | അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി വിഹിതം കൈമാറിയിട്ടും നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-24 |
| 40 | പി.എം.എ.വൈ ഭവനപദ്ധതി -അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് -ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-25 |
| 41 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് - വിവരങ്ങൾ കാലികമാക്കേണ്ടതാണ് | 1-26 |
| 42 | ബാരൽ വില കണക്കാക്കി ബില്ലിൽ കുറവ് ചെയ്തിട്ടില്ല | 1-27 |
| 43 | തൊഴിൽപരിശീലനകേന്ദ്രങ്ങൾ /വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം- തുടർനടപടികൾ അനിവാര്യം | 1-28 |
| 44 | വിവിധ കുടിവെള്ള /ജലസേചന പദ്ധതികൾ - കമ്മീഷൻ ചെയ്തതിന്റെ വിവരം ലഭ്യമല്ല | 1-29 |
| 45 | പാൽ ശീതീകരണി കം വെൻഡിംഗ് മെഷീൻ-മാതൃകാപരമായി പ്രവർത്തിക്കുന്നു | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

<u>ഭാഗം -1</u>

## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ
& പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/
തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും
ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമ
12/06/2023 തീയതിയിലെ 4(1) നിശ്ചയ പ്രകാരം അംഗീകരിച്ച് 14/06/2023 തീയ
എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അ
ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ
രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ
കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ്
ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാ
നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാ
പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കി
ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്
ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗ
കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ കം പഞ്ച
രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശ
അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാ
പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമാ
ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എ
മാനദണ്ഡങ്ങൾ /മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്
വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾ
കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറ
സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്ത
അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യ
അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങ
അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്
ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അ
റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെ

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ**
**വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേ**
**പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാ**
**പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യ**
**ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 31/ ബാലൻസ് ഷീറ്റ് പ്രകാരമുള്ള മാർക്കറ്റ്, ബസ് സ്റ്റാന്റ്, റോഡുകൾ തുടങ്ങിയ ആസ്തികൾ പഞ്ചായത്തിന്റെ ആസ്തികളാണോ എന്നതിൽ വ്യക്തതയില്ല.

### 1-1-2 ആസ്തികളിന്മേൽ വാർഷികമായി നൽകിയിട്ടുള്ള സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികമായി

ആസ്തികളുടെ സഞ്ചിത മൂല്യശോഷണം (Depreciation) ആസ്തിയിൽ അധികമാ കാണുന്നു. ഉദാഹരണമായി 31/03/2023 ലെ വാഹനങ്ങളുടെ ആസ്തിമൂല്യം 16.84 സഞ്ചിത മൂല്യശോഷണം 21.4 ലക്ഷവുമാണ്. അക്കൗണ്ടിംഗ് നടപടികളിൽ നില ഇത്തരം അടിസ്ഥാനപരമായ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-1-3 ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകളിൽ അവ്യക്തത

31/03/2023 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന വിശദീകരണവും ലഭ്യമല്ല. 2022-23 വർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗ 42.86 ലക്ഷം രൂപ തൻവർഷം സൃഷ്ടിച്ച ഏതെല്ലാം ആസ്തികൾക്ക് തുല്യമായതാണ് എ വിശദാംശം മാത്രം ഹാജരാക്കി. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് ഉൾപ്പെടെ അ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ജനറൽ ഫണ്ട് കണക്കാക്കിയ ഡാറ്റാ സാക്ഷ്യ സൂക്ഷിക്കേണ്ടതുമാണ്.

### 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, വ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷ ആയതിനാൽ ഡെപ്പോസിറ്റ് ദി ഫണ്ട് നടപടികളുടെ നിജസ്ഥിതി ഉറപ്പാക്കാൻ കഴിയുന്ന

### 1-1-5 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല

ശുചിത്വ മിഷൻ, കേരളോത്സവം, ഐ.എ.വൈ. ഫണ്ട് തുടങ്ങിയ പ്രത്യേക ഉദ്ദേശ്യ ഗ്രാ വിനിയോഗം വ്യക്തമാക്കുന്ന എ.സി.ആർ. സൂക്ഷിക്കുന്നില്ല. 320200301 ശീർഷ 31/03/2023-ൽ അവശേഷിക്കുന്ന 130,641/- രൂപ ഏതിനത്തിലുള്ള ഫണ്ടുകളാണ് എ 116,216/- രൂപ നിർമ്മൽ പുരസ്കാരവും ബാക്കി വിവിധ പരിശീലനങ്ങൾക്ക് ലഭിച്ചതുമാണ അറിയിച്ചു. നിർമ്മൽ പുരസ്കാര തുക കൃത്യമായ ശീർഷകത്തിലേക്ക് അക്കൗണ്ട് ചെയ്യ ഫണ്ടുകളുടെ എ.സി.ആർ. സൂക്ഷിക്കേണ്ടതുമാണ്.

### 1-1-6 വാടക കണക്കുകളിൽ അവ്യക്തത

വാടക ഡി.സി.ബി.(2022-23,കുടിശിക) പട്ടിക പ്രകാരമുള്ള കളക്ഷൻ, എന്നിവ പ പട്ടികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാടക ഡിമാന്റ് രജിസ്റ്ററിലെ കെട്ടിടങ്ങളുടെയും വാടക കണക്കുകൾ അനുരാക്കി ക്ലോസ് ചെയ്തിട്ടില്ല.

### 1-1-7 വാടക നിക്ഷേപം കണക്കുകളിൽ അവ്യക്തത

വാടക നിക്ഷേപം 31/03/2023 ലെ നീക്കിയിരിപ്പ് 161,832/- രൂപയാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം 143,000/- രൂ വ്യത്യാസമുള്ള തുക ഏതെല്ലാം കരാറുകാരുടെതാണ് എന്നത് ലഭ്യമല്ല.
XIII/60D കെട്ടിടത്തിന്റെ 13,200/- രൂപ വാടക നിക്ഷേപം (Rent Deposit) ലഭിച്ചത വാടക (Advance Rent) ഇനത്തിൽ അക്കൗണ്ട് ചെയ്തു.

## 1-1-8 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലേക്ക് നൽകാനുള്ള തുകകളുടെ കൃത്യത വ്യക്ത Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 350800299- Other Li ശീർഷകത്തിലെ 217,962/- രൂപ ബാധ്യത നിലനിൽക്കുന്നത് ‌ ബാധ്യതയാണെന്നതിന്റെ വിശദാംശമില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-9 Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടു നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇട നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായ ശീർഷകങ്ങളിൽ അ ചെയ്യുന്നില്ല.

## 1-1-10 ഡെപ്പോസിറ്റ് വിവരം അക്കൗണ്ട് ചെയ്തതിൽ അപാകത

പ്രോജക്ട് നം.82/23 പ്രകാരം കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച 586,927/- രൂപ ( ശീർഷകത്തിൽ (460500202) അക്കൗണ്ട് ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് വിവരം, തിരിച്ചടവ് ഇ കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ ‌ വിവരം പ്രതിഫലിക്കുന്നില്ല.

## 1-1-11 ഗ്രാന്റ് തുകയുടെ വരവ്-ചെലവ് അക്കൗണ്ട് ചെയ്തില്ല

ജില്ലാ ശുചിത്വ മിഷന്റെ 24-02-2023 ലെ KTM/2025/2023/DSM നം. ഉത്തരവ് പ്രകാ 826,994/- രൂപ സ്വച്ഛ്ഭാരത് മിഷൻ ഫേസ്-II ഗ്രാന്റായി ലഭിച്ചിരുന്നു. പ്രോജക്ട് നം പ്രകാരം തുക ചെലവഴിക്കുകയും ചെയ്തു. തുക ക്രെഡിറ്റ് ചെയ്ത സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നം.0027104000254236 ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രോജക്ട് വരവ്-ചെലവ് വാർഷിക കണക്കിൽ ചേർത്തിട്ടി

## 1-1-12 മരുന്ന് വാങ്ങൽ ചെലവുകൾ മെയിന്റനൻസായി അക്കൗണ്ട് ചെയ്തു

മരുന്ന് വാങ്ങൽ പ്രോജക്ടുകളുടെ ചെലവ് മെയിന്റനൻസ് ചെലവായി തെറ്റായി അക്കൗണ്ട പ്രോജക്ട് നം.95/23 -15 ലക്ഷം, 181/23 -1 ലക്ഷം എന്നിവയുടെ 16 ലക്ഷം രൂപയുടെ 255200603 മെയിന്റനൻസ് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

## 1-1-13 വാർഷിക പദ്ധതിയിൽ സൃഷ്ടിക്കുന്ന ആസ്തികൾ ആസ്തി ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല

ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് സ്ഥിര ആസ്തി ശീർഷകത്തിൽ അ ചെയ്യുന്നില്ല. ഉദാഹരണമായി ബയോ ടോയ്‌ലെറ്റ് സ്ഥാപിക്കൽ പ്രോജക്ടുകളുടെ ചെലവ് ( 548,800/-, 50/23-279,334/-, 46/23-223,466/-) ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. ടോയ്‌ലെറ്റുകൾ ലൈബ്രറികൾക്ക് നൽകിയതിനാലാണ് ബ്ലോക്ക് പഞ്ചാ

ആസ്തിയാക്കാത്തത് എന്നാണറിയിച്ചത്. ബയോ ടോയ്‌ലറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച് വരുത്തി ആവശ്യമെങ്കിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-14 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

08/12/2021-ൽ ആരംഭിച്ച ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള സീറോ ബ അക്കൗണ്ട് (കാനറാ ബാങ്ക് അക്കൗണ്ട് നം.110027291201) വാർഷിക ക ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിൽ 31/03/2023 വരെ ഇടപാടുകളില്ല.

## 1-1-15 Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല

942,249/- രൂപ (ഷെഡ്യൂൾ I-18) Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധി നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ വ്യക്തമായി വിശദമാക്കുകയോ സാക്ഷ്യപ്പെടു ചെയ്തിട്ടില്ല.

## 1-2 ബജറ്റ്-വിശകലനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ ഭരണസമിതിയുടെ 30/03/2022 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ച പ്രകാരമുള്ള വരവ് ചെലവ് വിവരവും 2022-23 ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | - | 8,190,719/- |
| വരവ് | 255,974,090/- | 67,576,644/- |
| ആകെ | 255,974,090/- | 75,767,363/- |
| ചെലവ് | 254,583,485/- | 68,172,035/- |
| നീക്കിയിരിപ്പ് | 1,390,605/- | 7,595,328/- |

ബജറ്റ് പ്രകാരം 25.6 കോടി രൂപയുടെ പ്രതീക്ഷിത വരവും 25.46 കോടി പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. എം.ജി/എൻ.ആർ. ഗ്രാമപഞ്ചായത്തുകൾക്കുള്ള തൊഴിലുറപ്പ് പദ്ധതി വിഹിതം ഉടങ്ങിയ ബ്ലോക്ക് പഞ്ചായ ധനകാര്യ പത്രികയിലുൾപ്പെടാത്ത ഫണ്ടുകളുൾപ്പെടെയുള്ളവ കണക്കാക്കിയിരിക്കുന്നതിനാൽ ധനകാര്യ പത്രികയിലെ കണക്കുമായി താരതമ്യം സാധ

ബ്ലോക്ക് പഞ്ചായത്തിന്റെ വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള കൃത്യമായ വിക അടിസ്ഥാനത്തിലല്ല 2022-23 ബജറ്റ് തയ്യാറാക്കി അതാത് ശീർഷകങ്ങളിൽ വകയി രുത്തിയിട്ടുള്ളത്. ഉദാഹരണമായി പ്രധാനപ്പെട്ട ഘടകസ്ഥാപനമായ പാമ്പാടി ആശുപത്രിക്ക് ഭക്ഷണ/മരുന്ന് ചെലവുകൾക്കായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. മ മെയിന്റനൻസ് ഗ്രാന്റായാണ് തുക വകയിരുത്തുന്നത്. എല്ലാ ഘടക സ്ഥാപനങ്ങളിൽ നിന്ന വർഷത്തെയും ശീർഷകം/ഉപശീർഷകം തിരിച്ചുള്ള ഭക്ഷണ/മരുന്ന് റിക്വസിഷൻ ലഭ്യ ശേഷം ഓരോ സ്ഥാപനത്തിനും ബജറ്റിൽ വിഹിതം വകയിരുത്താൻ ധനകാര്യ സ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഓരോ മേഖലയ്ക്കുമുള്ള വിഹിതത്തിന്റെ Detailed Budge ആയി ഘടക സ്ഥാപനങ്ങൾക്കുള്ള വിഹിതം ബജറ്റിൽ വകയിരുത്തപ്പെടേണ്ടതാണ്. അടിസ്ഥാനത്തിൽ കൃത്യമായ അപ്രോപ്രിയേഷൻ കണ്ടെത്തൽ ഉദ്ദേശ്യങ്ങളെ

ഇടവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിൽ ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിങ് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2022-23 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശ ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർ

| | |
|---|---|
| മുന്നിരിപ്പ് | 8,190,719/- |
| ഓഡിറ്റ് വർഷത്തെ വരവ് | 67,576,644/- |
| ആകെ | 75,767,363/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68,172,035/- |
| നീക്കിയിരിപ്പ് | 7,595,328/- |
| വരവിനങ്ങളിലുള്ള നഷ്ടം ( ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 77,47,721/- |

<u>2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സംക്ഷിപ്ത</u>

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 58326055 |
| ആകെ ചെലവ് | 56626846 |
| വരുമാനമിച്ചം | 1699209 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment() പ്രകാരം കുറവ് ചെയ്തത് | 942249 |
| അറ്റ വരുമാനമിച്ചം | 756960 |

## 1-4 ഗ്രാന്റ് വിനിയോഗം-വിശകലനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവര ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 28,452,000/- | 28,452,000/- | 22,034,232/- | 6,417,768/- |
| വികസന ഫണ്ട്-SCSP | 0 | 8,168,000/- | 8,168,000/- | 7,125,936/- | 1,042,064/- |
| വികസന ഫണ്ട്-TSP | 0 | 344,000/- | 344,000/- | 229,500/- | 114,500/- |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied | 1,138,703/- | 6,068,054/- | 7,206,757/- | 4,355,834/- | 2,850,923/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 2,084,899/- | 8,130,629/- | 10,215,528/- | 5,633,523/- | 4,582,005/- |
| മെയിന്റനൻസ് ഗ്രാന്റ് Non Road | 0 | 7,640,000/- | 7,640,000/- | 6,772,094/- | 867,906/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 വർഷത്തെ വിഹിതം ബാങ്ക് അക്കൗ മുൻവർഷം ലാപ്സായ ഗ്രാന്റ് 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ലഭ അൺടൈഡ്, ടൈഡ് വിഭാഗങ്ങളിലായി 2022-23 വർഷത്തെ അലോട്ട്മെന്റിന് (45.87 68.81 ലക്ഷം) പുറമെ യഥാക്രമം 1,254,411/- രൂപ 1,249,629/- രൂപ എന്നിങ്ങനെ ക്യാ വിഹിതം ലഭിച്ചു. ക്യാരി ഓവർ അൺടൈഡ് ഫണ്ട് 648,430/- രൂപ ചെലവഴിച്ച് 605,981/- രൂപ ലാപ്സായി. ക്യാരി ഓവറായി ലഭിച്ചതിൽ ടൈഡ് ഫണ്ട് 1,190,41( ചെലവഴിച്ച ശേഷം 59,213/- രൂപ ലാപ്സായി. വിവിധ കേന്ദ്ര/സംസ്ഥാന സർക്കാർ ഗ്രാ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കു

- സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം വ്യക്തമാക്കുന്ന 2022-33 ലെ ഗ്രാന്റ് പത്രിക Statement) ജനറേറ്റ് ചെയ്ത് ഹാജരാക്കിയില്ല.
- പ്രോജക്ട് നം.165/23 കേരളോത്സവം ചെലവ് സുലേഖ ചെലവ് പത്രി പ്രതിഫലിച്ചിട്ടില്ല.
- പ്രോജക്ട് നം.21/23 തനത് ഫണ്ടിൽ നിന്നും 74,707/- രൂപയുടെ ചെലവ് സുലേഖ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിലെ പലിശ 226,643/- രൂപ തന ഫണ്ടായി അക്കൗണ്ട് ചെയ്തെങ്കിലും ആയത് അലോട്ട്മെന്റായി എ.സി ചേർത്തിട്ടില്ല.
- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള ചെലവ് : രൂപ എ.സി.ആർ. പ്രകാരമുള്ള ചെലവിനെക്കാൾ കൂടുതലാണ്. മുൻവർഷ പ്രവൃത്തികളുടെ റിക്കവറികൾ ഒടുക്കിയതാണെന്ന് വിശദീകരിച്ചെങ്കിലും പ്രസ്തുത ആധാരമായ അടിസ്ഥാന രേഖകളില്ല.

2022-23 സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ് അപാകതകളും കണക്ക് സാധൂക രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 പദ്ധതി അവലോകനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2 ഒന്നാം വാർഷിക പദ്ധതിക്ക് (2022-23 )ജില്ലാ ആസൂത്രണസമിതിയുടെ ഉത്തര 82898/22/DPC/DPO/KTM തീയതി 06-03-2023പ്രകാരം പുതുക്കി അംഗീകാരം ലഭ പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 7.1.2022 |
| | |

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാരുടെ യോഗം | 16.05.2022 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 20.05.2022 |
| ബ്ലോക്ക് ഗ്രാമസഭ | 9.06.2022 |
| വികസന സെമിനാർ | 14.06.2022 |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ച |
|---|---|---|---|---|
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 2 | 2 | 2565000 | 2 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 60 | 39 | 36063841 | 22 |
| മെഡിക്കൽ ഓഫീസർ(ടി.എച്ച്.ക്യു.എച്ച്) | 7 | 6 | 4893227 | 4 |
| പട്ടിക ജാതി വികസന ഓഫീസർ | 2 | 2 | 2600000 | 2 |
| അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 3 | 2 | 3141668 | 1 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 8500001 | 4 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 51 | 35 | 25309096 | 13 |
| ആകെ | 129 | 90 | 83072833 | 51 |

ബ്ലോക്ക് പഞ്ചായത്തിന്റെ നിലവിലെ അവസ്ഥയും പതിനാലാം പഞ്ചവത്സരക്കാല കൈവരിക്കാവുന്ന വികസന ലക്ഷ്യങ്ങൾ സംബന്ധിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത റിപ്പോർട്ടിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഒരു പഞ്ചാ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാർ പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമാക്കി കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാരുടെ പ്രവർത്തനം ആരംഭിക്കാൻ വേണ്ട സ്വീകരിക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള വികസന ലക്ഷ്യങ്ങൾ നേടിയെ വേണ്ട നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## <u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല – 91ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് എടുക്കപ്പെട്ടു</u>

പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പു കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ട അസിസ്റ്റന്റ് ഡയറക്ടർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് പ്രോജക്ടുകൾ പൂർ ത്തവർഷം നടപ്പാക്കാനായില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗ തയ്യാറാക്കിയ 51 പ്രോജക്ടുകളിൽ 35 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്.

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാ സമയക്ലിപ്തത പാലിക്കാതിരുന്നതിനാലും 9107432/- രൂപയുടെ പദ്ധ ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം സ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 6417768 |

| | |
|---|---|
| എസ് സി പി | 1042064 |
| ടി എസ് പി | 114500 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 867906 |
| സിഎഫ് സി ഗ്രാന്റ് ടൈഡ് | 59213 |
| സിഎഫ് സി ഗ്രാന്റ് -അൺടൈഡ് | 605981 |
| **ആകെ** | 9107432 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധ പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>**

വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് ക പല വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി യോഗം ചേർന്ന പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. ഇത് രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണ റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽ വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് പ്രോജക്ട് പ്രകാ തുകകൈമാറിയിരുന്നുവെങ്കിലും കൂടുതൽ പ്രോജക്ടുകളും നിലവിലും നടപ്പാക്കാതെ പ്രോജ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ ചെലവഴിക്കാ അവശേഷിക്കുന്നതായിട്ടാണ് കാണുന്നത്. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റ കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്പദ്ധതി</u>

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിയോഗം ബ്ലോക്ക് പഞ്ചായത്തിന്റെ പ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മുൻകൂർ കൊടുക്ക മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്. തൊഴിലുറപ്പ് ക്യാഷ പ്രകാരമുള്ള കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| നീക്കിയിരിപ്പ് (01/04/2022) | 130751.50 | വേതനം | 662419 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് (EFMS) | 496483 | ഐ.റ്റി. സർവ്വീസ് | 31000 |
| പലിശ വരവ് | 2764 | സ്റ്റേഷനറി | 23615 |
| നിരതദ്രവ്യം | 23625 | ട്രെയിനിങ് | 18970 |
| കില ഫണ്ട് | 13074 | ജി.ഐ.എസ്. സർവ്വേ | 116240 |
| ജി.ഐ.എസ്. സർവ്വേ | 17229 | കില | 13074 |
| ബ്ലോക്കിൽ നിന്ന് മുൻകൂർ | 736004 | ബ്ലോക്കിൽ നിന്ന് മുൻകൂർ തിരിച്ചടവ് | 496483 |
| | | നീക്കിയിരിപ്പ് (31/03/2023) | 58039.50 |

| | | | |
|---|---|---|---|
| ആകെ | 1419840.5 | ആകെ | 1419840.5 |

SBI പള്ളിക്കത്തോട് ശാഖയിലെ 67131752364 നം. അക്കൗണ്ടിലൂടെയാണ് തൊ
ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

## 1-7 തൊഴിലുറപ്പ് വിഭാഗത്തിന് മുൻകൂർ തുക ക്രമീകരിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 9 ലക്ഷത്തിലധി
തൊഴിലുറപ്പിന് അഡ്വാൻസ് നൽകിയത് ക്രമീകരിക്കാനുണ്ട്(അഡ്വാൻസ് രജിസ്റ്റർ കൃ
ത്യമാക്കാത്തതിനാൽ കൃത്യമായ തുക ലഭ്യമല്ല). 2022-23 വർഷം 7.36 ലക്ഷം അ
നൽകിയതിൽ 4.96 ലക്ഷം മാത്രമാണ് ക്രമീകരിച്ചത്. ബ്ലോക്ക് പഞ്ചായത്ത് ഫ
ഒടുക്കാൻ മതിയായ തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാനുള്ള ഇട
സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള
ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വാർഷിക കണ
ഓഡിറ്റിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ അക്കൗ
സാന്നിധ്യത്തിൽ 21/06/2023 തീയതിയിൽ 03:30 PM സമയത്ത് നടത്തുകയുണ്ടായി.
ദിവസം ഫ്രണ്ട് ഓഫീസിൽ ക്യാഷ് വരവ് ഉണ്ടായിരുന്നു. ഭൗതിക പരിശോധന ന
ക്യാഷ് ബുക്ക് പ്രകാരം ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.
ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. പ്രോജക്റ്റ് ഫയലുകളു
ബന്ധപ്പെട്ട മോണിറ്ററിങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.

സാംഖ്യ രസീതുകളുടെ പ്രിന്റർ പ്രവർത്തിക്കുന്നില്ല എന്നതിനാൽ ഫ്രണ്ട് ഓഫീസിൽ
രസീത് മുഖേന വരവ് സ്വീകരിച്ച് ഇന്റഗ്രേറ്റഡ് രസീതായി സാംഖ്യയിൽ അക്കൗണ്ട്
രീതിയാണ് ഉള്ളത്. 21/07/2022 ന് ശേഷം സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്ത് നൽക
താൽക്കാലിക സംവിധാനം മാത്രമായ ഇന്റഗ്രേറ്റഡ് രസീത് നൽകൽ ഇത
അവലംബിക്കുന്നത് ഉചിതമല്ല.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തു
ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ
രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കായി ബ
രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് ചെലവ് വൗച്ച
സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

**<u>പൊതുമരാമത്ത് പ്രവൃത്തികൾ</u>**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 51 പ്രോജക്ടുകൾ ന
ചെയ്തതിൽ 35 പ്രവൃത്തികൾ 2022-23ൽ നടപ്പിലാക്കി. 19 സ്പിൽ ഓവർ പ്രോജക്ടുക
എണ്ണം നടപ്പാക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ, സ്കൂളുകൾക്ക് ടോയ്‌ലറ്റ് നി
എന്നിവയാണ് ഭൂരിഭാഗം പ്രവൃത്തികളും. സ്പിൽ ഓവർ മരാമത്ത് പ്രോജക്ട് നടപടികൾ ല

ളുടെയും പുതിയ കാലത്ത് പ്രോജക്ടുകൾ ഐപ്രസ് 3 മുഖേനയുമാണ് നിർവ്വഹിച്ചിരി എസ്റ്റിമേറ്റ്, ടെണ്ടർ നടപടിക്രമങ്ങൾ, സെലക്ഷൻ നോട്ടീസ്, കരാർ റജിസ്റ്റർ അക്കൗണ്ട ഉൾപ്പെടെയുള്ളവയുടെ ഹാർഡ് കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇ-ടെണ്ടർ നടപടി നിലവിൽ ഐപ്രസ് 3-യുമായി ലിങ്ക് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ ഇ-ടെണ്ടർ വിശദാംശങ്ങൾ ഐപ്രസ് 3-യിൽ അപ്‌ലോഡ് ചെയ്യേണ്ടി വരുന്നുണ്ട്. ഇ-ടെണ്ടർ സൈറ്റിന്റെയും ഐ യുടെയും ലിങ്കിംഗ് നാളിതുവരെ സാധ്യമായിട്ടില്ല.

ഫയൽ സൂക്ഷിപ്പ് ശുഷ്‌കമാണ്. എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ അധിക ചുമതല ഈ കാല വഹിച്ചിരുന്നു. ഐപ്രസ് 3-യിൽ വിവരങ്ങൾ സമയബന്ധിതമായി അപ്‌ലോഡ് ചെയ്യേണ സാഹചര്യത്തിൽ അധികച്ചുമതലയുള്ളയാൾ നിർവ്വഹണോദ്യോഗസ്ഥനായ സ പ്രവൃത്തികളുടെ മേൽനോട്ട പ്രക്രിയയെ പ്രതികൂലമായി ബാധിക്കുന്നത് ഒഴിവാക്കേണ്ടതാ

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് കാലയളവിലെ ആഭ്യന്തരനിയന്ത്രണസംവിധാനം ഒ ശുഷ്‌കമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01/11/2022 | 2021-22 | No.02/DPAW/KTM/2022 തീയതി – 03/02/2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/12/2017 മുതൽ 25/12/2017 വരെ | 2013-14 മുതൽ 2016-17 വരെ | LBA(WQ)II/SA/2727/324 തീയതി – 29/01/2018 |

## 1-11 മുൻകൂർ/അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത-കണക്കുകളിൽ അവ്യ

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഇനങ്ങളിലായി മുൻകൂർ കൊടുക്കുന്ന തുകകൾ, ഡെപ പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ നൽകുന്ന തുകകൾ എന്നിവയുടെ ഓരോ സാ വർഷത്തെയും മുന്നിരിപ്പ് വിശദാംശം, തന്വർഷ ഇടപാടുകൾ എന്നിവ നിശ്ചിത മാതൃ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് 2022-23 വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്യിട്ടി ഏജൻസികൾക്കും നിക്ഷേപിക്കുന്ന തുകകൾ രജിസ്റ്ററിൽ തുടർച്ചയായി ചേർത്തു ചെ ക്രമീകരണം മുൻവർഷ എൻട്രികളിൽ നടത്തുന്നതായാണ് കാണുന്നത്. 201 പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32, 58(4)(ഡി) എന്നിവ പ്രകാരം രജിസ്റ്റർ സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2022-23 ധനകാര്യ പത്രിക, ലഭ്യമാക്കിയ ഡെപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മുൻകൂർ തുക വിനിയോഗത്തിലെ അപാകതകൾ വിവരിക്കുന്നു.

- 2022-23 വർഷം നിക്ഷേപ പ്രവൃത്തിയായി 82/23 നം. പ്രൊജക്ട് കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 586,927/- രൂപ നിക്ഷേപ ശീർഷ (460500202) അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ് അപാകത മൂലം പ്രസ്തുത ന 31/03/2023 ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.
- വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന ബ്ലോക്ക് പഞ്ചായത്ത് നൽകിയ മുൻകൂർ 2022-23 മുന്നിരിപ്പിൽ അവ്യക്തത നിലനിൽക്കുന്നു. 2022-23 വർഷം 27/05/20 എ.ബി.3/5413-93/UC പ്രകാരം 747,027/- രൂപയുടെ വിനിയോഗ സാക ലഭിച്ചെങ്കിലും ബ്ലോക്ക് പഞ്ചായത്ത് മുൻകൂർ തുക ശീർഷകത്തിലെ(460 മുന്നിരിപ്പിലെ അപാകത മൂലം 4.1 ലക്ഷം രൂപ മാത്രമാണ് വിനിയോഗ അക്കൗണ്ടിങ് ക്രമീകരണം നടത്തിയത്.
- വാട്ടർ അതോറിറ്റിയിൽ നിന്നും മുൻകൂർ നൽകിയിരുന്ന തുകയിൽ ചെലവഴിക്കാ 1,562,973/- രൂപ 2022-23 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട് ശീർഷകത്തിലെ മുന്നിരിപ്പിൽ അപാകതയുള്ളതിനാൽ ടി തുക 350 ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തത്. ഏജൻസികൾ മുൻകൂറു വർഷങ്ങളിലേത് ചെലവഴിക്കാത്ത തിരികെ അടയ്ക്കുമ്പോൾ ശീർഷകത്തിൽത്തന്നെ വരവായി സ്വീകരിക്കേണ്ടതും പിന്നീട് Prior Period ശീർഷ നിന്നും നേരിട്ടോ ബാധ്യതാ ശീർഷകത്തിൽ അക്രൂവൽ ചെയ്തോ സർക്കാ ഒടുക്കുകയുമാണ് ചെയ്യേണ്ടത്.
- മുഖ്യ വകുപ്പിലെ നിക്ഷേപ ശീർഷകത്തിലെ(460500204) 2022-23 മുന 2,705,320/- രൂപ ഏതെല്ലാം പ്രോജക്ടുകൾക്കാണ് നിക്ഷേപിച്ചത് എ വിശദാംശം(പ്രോജക്ട്,വർഷം,തുക) മുൻകൂർ രജിസ്റ്ററിൽ ലഭ്യമല്ല.
- 460500201-Other Advances, 460509901-Advance To Others ശീർഷക മുന്നിരിപ്പ്, തൻവർഷ ഇടപാട്, ക്രമീകരണം, നീക്കിയിരിപ്പ് എന്നിവയുടെ വി ലഭ്യമല്ല.
- 460600101-Electricity Deposits ശീർഷകത്തിൽ നിലനിൽക്കുന്ന 5,071/- രൂ ഏജൻസിയിൽ ഏത് പ്രോജക്ട് പ്രകാരം നിക്ഷേപിച്ചതാണ് എന്നത് ലഭ്യമല്ല.

മുൻകൂറുകളുടെ കൃത്യമായ വിവരങ്ങൾ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്താതിരിക്കുന്നത് ചട്ടങ്ങളുടെ ലംഘനത്തിനും മുൻകൂർ ക്രമീകരണത്തിൽ അവ്യക്തതയും മേൽവിവരിച്ച പ്രകാരമുള്ള അക്കൗണ്ടിങ് അപാകത ഉണ്ടാക്കുന്നു. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് (നം.2/2022-23/22.06.2023) നൽകിയതിന് മറുപടി ലഭ്യമാക്കി. 2, 3 അപാകതകൾ നിലവിൽ പരിഹരിച്ച എന്നും 1,4,5 പരിഹരിച്ച് അറിയിക്കുന്നതാണ് എന്നും ക്രമ നം.6 പ്രകാരമുള്ള തുക ഇലക്ട്രിസിറ്റി ക കെ.എസ്.ഇ.ബി.യിൽ ഒടുക്കിയതാണ് എന്നാണ് മറുപടി നൽകിയത്.

മുൻകൂറുകൾ ക്രമീകരിക്കുമ്പോൾ ജേർണൽ വൗച്ചർ നം./തീയതി, വിനിയോഗ സാക്ഷ്യപ തീയതി എന്നിവ നിർബന്ധമായും മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. 01/04/2 മുന്നിരിപ്പ് വിശദാംശം കൃത്യമായി ചേർത്ത ശേഷം ഓരോ ശീർഷകങ്ങളുടെയും 2022-2 രജിസ്റ്റർ തയ്യാറാക്കി ധനകാര്യ വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷിപ്പം സാക്ഷ്യപ്പെടുത്തിയ ശേഷം രജിസ്റ്ററിന്റെ പകർപ്പ് ഈ റിപ്പോർട്ടിനുള്ള മറുപടി റിപ്പോർട്ടിനൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-12 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ 846,243/- രൂപ നിക്ഷേപഇനത്തിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. നിക്ഷേപങ്ങളുടെ ഓരോ ശീർഷകത്തിലെയും 01/04/2022 ലെ നീക്കിയിരിപ്പ് വിശദാംശം ( വ്യക്തി/സ്ഥാപനം, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം/പ്രോജക്ട്, പ്രോജക്ട് പൂർത്തി തീയതി) ക്യാരി ഓവർ ചെയ്ത് 2022-23 ഡെപ്പോസിറ്റ് രജിസ്റ്ററിൽ തയ്യാറാക്കിയിട്ടില്ല കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം33, 58(3)(എ) എന്നിവ ഡെപ്പോസിറ്റ് രജിസ്റ്റർ നീക്കിയിരിപ്പ് വിശദാംശം ഉൾപ്പെടെ തയ്യാറാക്കി സാ വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യ സൂക്ഷിക്കേണ്ടതായിരുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതു മൂലം വാടക ന ഒഴികെയുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്താനോ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട മുതൽക്കൂട്ടാനോ സാധിച്ചില്ല. തൻവർഷം 38,260/- രൂപ ഡെപ്പോസിറ്റ് റീഫണ്ട് ചെ ഡെപ്പോസിറ്റ് വിശദാംശവും അവയുടെ ക്രമീകരണങ്ങളും നിരീക്ഷിക്കുന്നതിനുള്ള രേഖക ബ്ലോക്ക് പഞ്ചായത്തിലില്ല. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് (നം.01/2022-23/22.06.2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച ഡെപ്പോസിറ്റുകളുടെ 01/04/2022 ലെ വിശദാംശം ക്യാരി ഓവർ ചെയ്ത ശേഷം ഓരോ ശീർഷകങ്ങളുടെയും 2022-23 ഡെ രജിസ്റ്റർ തയ്യാറാക്കി ധനകാര്യ വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷിപ്പെ സാക്ഷ്യപ്പെടുത്തിയ ശേഷം രജിസ്റ്ററിന്റെ പകർപ്പ് ഈ റിപ്പോർട്ടിനുള്ള പ്രാഥ മറു ലഭ്യമാക്കേണ്ടതാണ്. 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയ ശേഷം കാലഹ നിക്ഷേപങ്ങൾ (വാടക നിക്ഷേപം ഒഴികെ) ബ്ലോക്ക് പഞ്ചായത്ത് ഭരണസ അനുമതിക്ക് വിധേയമായി 2023-24 വർഷം തന്നെ മുതൽക്കൂട്ടേണ്ടതാണ്. നട പൂർത്തിയാക്കി കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയതിന്റെ വിവരവും അ അറിയിക്കേണ്ടതാണ്.

## 1-13 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ– വരവ്/വിനിമയ വിവരങ്ങൾ അപ്രോപ്രിയേഷ കൺട്രോൾ രജിസ്റ്ററിലൂടെ നിരീക്ഷിക്കുന്നില്ല

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രിക IAY, SGSY, TSC, ശുചിത്വ മിഷൻ, വിവിധ ഷെയറിങ്ങുകൾക്ക് ലഭിച്ച ഫണ്ട് ഗ്രാന്റുകളും കോൺട്രിബ്യൂഷനുകളും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലുള്ളതായി കാണുന്നു. ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിക്കുന്നില്ല. 201 പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം ഇപ്രകാരമുള്ള ഫ വിനിയോഗം കൃത്യമായി അക്കൗണ്ട് ചെയ്യുന്നതും എ.സി.ആർ. സെക്രട്ടറി സാക്ഷ്യ സൂക്ഷിക്കേണ്ടതുമായിരുന്നു. എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ ഗ്രാന്റുകളുടെ വിശദാംശം (ഉദ്ദേശ്യം, പ്രോജക്ട്, ലഭിച്ച വർഷം) ലഭ്യമല്ല. തൻവർഷം SGSY 1,025,806/- രൂപ തിരികെ അടവാക്കി ബാധ്യത ഒഴിവാക്കിയിട്ടുണ്ട്. മേൽപറഞ്ഞ പ്രകാരം കൃത്യമായ രേഖകൾ സൂക്ഷിക്കാത്തതും സാക്ഷ്യപ്പെടുത്താത്തതും പ്രത്യേക ഗ്രാന്റുകൾ വിനിയോഗം നടത്തിയത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് (നം.15/2022-23/27-06-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗ കണക്കുകൾ 01/04/2022-ലെ വിശദാംശം ഉൾപ്പെടെ എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യ ഹാജരാക്കേണ്ടതാണ്. 2022-23 വർഷം പ്രോജക്ട്/പ്രോജക്ടിതര ചെലവ് തുക അതാത് ഉദ്ദേശ്യ ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത ജേർണൽ വൗച്ചർ നമ്പർ കൃത്യമായി എ.സി. രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2022-23 എ.സി.ആർ. പൂർണ ഓരോ ഗ്രാന്റുകളുടെയും വാർഷിക സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയ ശേഷം എ.സി.ആ പകർപ്പ് പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-14 വാടക – പൊതു അപാകതകൾ

വാടക ഡിമാന്റ് രജിസ്റ്റർ ഇൻഡക്സ് പ്രകാരം 10 മുറികളാണ് വാടകയ്ക്ക് നൽകാ 2022-23 വർഷം 9 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഒരെണ്ണം മെയിന്റനൻസ് നടത്ത എന്നാണ് ഡി.സി.ബി. പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായ ഉടമസ്ഥതയിലുള്ള കെട്ടിട വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലും വാടക നി ഈടാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

- വാടക ഡിമാന്റ് രജിസ്റ്ററിൽ ഓരോ കെട്ടിടങ്ങളുടെയും വാടക ഡിമാന്റ്, കളക്ഷൻ, ബ കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ കെട്ടിടങ്ങളുടെയും കണക്കുകൾ ഡിമാന്റ് രജിസ്റ്ററിൽ ക്ലോസ് ചെയ്യാതെയാണ് ഡി.സി.ബി. തയ്യാറാക്കി
- കുടിശിക, തന്വർഷ ഡി.സി.ബി. പത്രികയിലെ കളക്ഷൻ തുകയിൽ ധനകാര്യ പ്രകാരമുള്ള കളക്ഷൻ തുകയിൽ നിന്ന് നേരിയ വ്യത്യാസം കാണുന്നു.
- 2022-23 വർഷം വാടക തുകയ്ക്ക് ആനുപാതികമായി GST അടവാക്കിയിട്ടില്ല.
- വാടക ഡിമാന്റ് രജിസ്റ്ററിൽ വാടക നിക്ഷേപ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. നിക്ഷേപത്തിൽ നിന്നും വാടകയായി ക്രമീകരിക്കുന്നതിന്റെ രേഖപ്പെടുത്തലുകളും നട
- വാർഷിക വാടകയ്ക്ക് ആനുപാതികമായ വാടക നിക്ഷേപം ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിക്കുന്നില്ല എന്ന് ലഭ്യമാക്കിയ വാടക നിക്ഷേപ സ്റ്റേറ്റ്മെന്റിൽ ക ഉദാഹരണമായി 3 കടമുറികൾ കൈവശമുള്ള സരിത ആർ. എന്ന വ്യക്തിയുടെ നിക്ഷേപം 31/03/2023-ൽ 18,000/- രൂപ മാത്രമാണ്. ടി വ്യക്തിയുടെ വാടക 31/03/2023-ൽ 137,036/- രൂപയാണ്. ടിയാൾ കുടിശിക ഒടുക്കാതെ കരാറൊഴ ബ്ലോക്ക് പഞ്ചായത്തിന് വാടക ഈടാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും.
- 2022-23 വാടക നിക്ഷേപം വാർഷിക കണക്കുകൾ പ്രകാരമുള്ളത് ലഭ്യമാക്കിയ പ്രകാരമുള്ള വാടക നിക്ഷേപ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെയും വാടക നിക്ഷേപം സംബന്ധ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണ (നം.8/24.06.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. വാടക ഡിമാന്റ് രജിസ്റ്റർ, നിക്ഷേപം ഈടാക്കൽ എന്നീ വിഷയങ്ങളിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് ഇതുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ റിപ്പോർട്ടിനുള്ള സ്വതന്ത്ര പരിഹാര നി ഹാജരാക്കേണ്ടതാണ്.

## 1-15 കുടിശ്ശിക ഈടാക്കാതെ കരാറുകാരൻ അവസാനിപ്പിച്ചു - 1.22 ലക്ഷം രൂപ നിലവിലും കുടിശിക

2022-23 വർഷത്തെ കുടിശിക വാടക ഡി.സി.ബി. പ്രകാരം XIII/51 കെട്ടിടത്തിന്റെ 2018 വർഷം ഡിസംബറിൽ കുത്തകയൊഴിഞ്ഞ ശ്രീമതി ദീപ്തി എൻ. ഇണ്ടത്തിൽ, ചിറയാർ, കിടങ്ങൂർ പി.ഒ. എന്ന വ്യക്തി 1.22 ലക്ഷം രൂപ … വരുത്തിയതായി കാണുന്നു. ഡി.സി.ബി. പട്ടിക പ്രകാരം ജൂലൈ-2016 ഡിസംബർ-2018 വരെ 31 മാസത്തെ വാടകയാണ് കുടിശിക വരുത്തിയത്. 01/04/2022 … ലക്ഷം രൂപയായിരുന്ന കുടിശികയിൽ 10,000/- രൂപ തൻവർഷം അടവാക്കിയ … 31/03/2023 ൽ 1.22 ലക്ഷം രൂപ കുടിശികയുള്ളത്. കടമുറികൾ വാടകയ്ക്ക് നൽകുമ്പോ… കുത്തകക്കാരനിൽ നിന്നും നിശ്ചിത വാടക നിക്ഷേപം (Rent Deposit) ഈടാക്കി … പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കാതിരുന്നതിനാൽ ടിയാളുടെ കുടിശ്ശിക വാടക ഈ… സാധിക്കാതെ കുത്തക ഒഴിയേണ്ട സാഹചര്യമുണ്ടായത്. കൃത്യമായ വാടക നി… ഈടാക്കാതെയും വാടക ദീർഘകാല കുടിശിക വരുത്തിയിട്ടും കുത്തകക്കാരിയെ … അനുവദിച്ചതും ഇപ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വരുമാന നഷ്ട സാധ്യതയുണ്ടാക്കി. … പഞ്ചായത്ത് മേൽ വ്യക്തിയുമായി കുടിശ്ശിക വാടക പലിശ സഹിതം ഒടുക്കാൻ ക… നടത്തിയതിന്റെ ഭാഗമായി 10,000/- രൂപ മാത്രമാണ് ഒടുക്കിയത്. കുടിശ്ശിക കാല… വാടക കുത്തക ഇടപാടുകളിൽ കൃത്യമായ വാടക നിക്ഷേപം സ്വീകരിക്കുന്നതിൽ … പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലമാണ് ഇപ്രകാരം കുടിശ്ശികയുണ്ടായത്. അ… ഞെമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2022-2… 2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

കുത്തകയൊഴിഞ്ഞ ദീപ്തി എൻ. നായർ എന്ന വ്യക്തിയുടെ വാടക കുടിശ്ശിക പിഴപ്പലിശ … 2023-24 വർഷം അടിയന്തിരമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റും … ഡി.സി.ബി. രേഖകളും പുതിയ നടപടിയിൽ ലഭ്യമാക്കേണ്ടതാണ്. കുടിശിക ഈ… കഴിയാത്ത പക്ഷം കുടിശ്ശിക കാലയളവിൽ കൃത്യമായ വാടക നിക്ഷേപം ഈടാക്… വാടക കുടിശിക വരുത്തിയും ടി കുത്തക തുടരാൻ അനുവദിച്ച സെക്രട്ടറിയിൽ നിന്നും … പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

## 1-16 കുടിശിക വാടക അടവാക്കാതെ തൻവർഷ വാടക ഒടുക്കുന്നു

